## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ –5267 31.10.2016- ൽ മറുപടിയ്ക്ക്

## അവശതയനുഭവിക്കുന്ന പ്രവാസികൾക്ക് സാമ്പത്തിക സഹായം

**ചോദ്യം**

**ശ്രീ. റ്റി. വി. രാജേഷ്**

**മറുപടി**

**ശ്രീ. പിണറായി വിജയൻ**
***(മുഖ്യമന്ത്രി)***

| ചോദ്യം | മറുപടി |
| --- | --- |
| എ) വിദേശത്തു നിന്നും തിരിച്ച് വന്ന് ജോലിയില്ലാതെ അവശതയനുഭവിക്കുന്ന പഴയകാല പ്രവാസികളായ മുഴുവൻ പേരെയും ഉൾപ്പെടുത്തി സാമ്പത്തിക സഹായ പദ്ധതി പ്രഖ്യാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | എ) രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തതിനു ശേഷം തിരികെ നാട്ടിലെത്തി ദുരിതമനുഭവിക്കുന്ന പ്രവാസികൾക്ക് വേണ്ടി 'സാന്ത്വന' പദ്ധതി സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം മരണാനന്തര ധനസഹായം, ചികിത്സാ സഹായം, വിവാഹ ധനസഹായം എന്നിവ നല്കി വരുന്നു. ഇത്തരം പ്രവാസികൾക്കും അവർ ചേർന്ന് രൂപീകരിച്ച കമ്മറ്റി, ട്രസ്റ്റ്,സൊസൈറ്റി തുടങ്ങിയവയ്ക്കും നടപടിക്രമങ്ങൾ പാലിച്ച് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ കൈതാങ്ങൽ നല്കുന്ന നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പുനരധിവാസ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൽ പരമാവധി 20 ലക്ഷം രൂപ മൂലധന ചെലവ് വരുന്ന പദ്ധതിക്ക് 15% മൂലധന സബ്സിഡിയും ആദ്യ 4 വർഷം 3 % പലിശ സബ്സിഡിയും നല്കി ബാങ്ക് |

വായ്പ ലഭ്യമാക്കുന്നു.

വിദേശത്ത് നിന്നും തിരിച്ചുവന്ന പഴയകാല പ്രവാസികളെ മുഴുവൻ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പദ്ധതി നിർദ്ദേശം തല്ക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

**സെക്ഷൻ ഓഫീസർ**